File No.LSGD-IB1/83/2020-LSGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരളാ റിയൽ എസ്റ്റേറ്റ് അപ്പലേറ്റ് ട്രിബ്യൂണലിൽ തസ്തികകൾ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഐ.ബി.) വകുപ്പ്

സ.ഉ.(കൈ) നം.9/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 18/01/2021

പരാമർശം:- 1 09.07.2019-ലെ സ.ഉ.(അച്ചടി) നം: 81/2019/ധന.

2 05.11.2019-ലെ സ.ഉ.(സാധാ)നം: 2462/2019/തസ്വഭവ.

3 17.04.2020-ലെ G.O. (P) No. 35/2020/LSGD

4 17.04.2020-ലെ G.O. (P) No. 36/2020/LSGD

5 കേരളാ റിയൽ എസ്റ്റേറ്റ് അപ്പലേറ്റ് ട്രിബ്യൂണൽ ചെയർപേഴ്സന്റെ 21.04.2020, 17.06.2020, 14.10.2020, 15.10.2020, 05.11.2020 എന്നീ തീയതികളിലെ കത്തുകൾ.

ഉത്തരവ്

പരാമർശം (3) സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് കേരളാ റിയൽ എസ്റ്റേറ്റ് അപ്പലേറ്റ് ട്രിബ്യൂണൽ രൂപീകരിച്ചു കൊണ്ടും പരാമർശം (4) പ്രകാരം ട്രിബ്യൂണലിൽ ചെയർപേഴ്സണെ നിയമിച്ചു കൊണ്ടും ഉത്തരവായിരുന്നു. പ്രസ്തുത ട്രിബ്യൂണൽ എറണാകുളത്ത് പ്രവർത്തനമാരംഭിക്കുകയും ചെയ്തിട്ടുണ്ട്.

2) കേരളാ റിയൽ എസ്റ്റേറ്റ് അപ്പലേറ്റ് ട്രിബ്യൂണലിൽ കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നതിനായി തസ്തികകൾ സൃഷ്ടിക്കുന്നതിന് ട്രിബ്യൂണൽ ചെയർപേഴ്സൺ പരാമർശം (5) പ്രകാരം സർക്കാരിൽ ശുപാർശ സമർപ്പിച്ചിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരളാ റിയൽ എസ്റ്റേറ്റ് അപ്പലേറ്റ് ട്രിബ്യൂണലിൽ കരാർ അടിസ്ഥാനത്തിൽ താഴെ പറയുന്ന പതിനൊന്ന് തസ്തികകൾ സൃഷ്ടിക്കുന്നതിന് അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| SL.No. | Post | No. |
|---|---|---|
| 1 | Private Secretary to the Chairperson | 1 |
| 2 | Administrative Assistant cum Office Superintendent | 1 |
| 3 | Filing Scrutiny Officer cum Accounts Officer | 1 |
| 4 | Assistant Court Officer | 1 |
| 5 | Confidential Assistant (Senior Grade) | 1 |
| 6 | Junior Clerk | 2 |
| 7 | Messenger/Court Keeper | 1 |
| 8 | Personal Attendant for the Chairperson | 1 |

| | | |
|---|---|---|
| 9 | Part-time Sweeper | 1 |
| 10 | Office Attendant | 1 |
| | **Total** | **11** |

4) ഇതിൽ ക്രമ നം. (1) മുതൽ (4) വരെയുള്ള തസ്തികകളുടെ വേതനം കേരള സർവീസ് ചട്ടങ്ങൾ പാർട്ട് III ചട്ടം 100 പ്രകാരം നിശ്ചയിക്കുന്നതിനും ക്രമനമ്പർ (5) മുതൽ (10) വരെയുള്ള തസ്തികകളുടെ വേതനം (മെസ്സഞ്ചർ/കോർട്ട് കീപ്പർ/ പേഴ്സണൽ അറ്റന്റന്റ് എന്നിവരെ പരാമർശം (1) പ്രകാരമുള്ള ഉത്തരവിന്റെ കാറ്റഗറി ഒന്നിൽ ഉൾപ്പെടുത്തി) നിലവിലുള്ള കരാർ വേതന ഉത്തരവുകളുടെ അടിസ്ഥാനത്തിൽ നിശ്ചയിക്കുന്നതിനും അനുമതി നൽകുന്നു. ഇതു മൂലമുണ്ടാകുന്ന സാമ്പത്തിക ബാധ്യത പരാമർശം (2) ഉത്തരവ് പ്രകാരം സൃഷ്ടിച്ച കേരളാ റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി ഫണ്ടിൽ നിന്നും വഹിക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ബിശ്വനാഥ് സിൻഹ**
**പ്രിൻസിപ്പൽ സെക്രട്ടറി**

പകർപ്പ്

ചെയർ പേഴ്സൺ, കേരളാ റിയൽ എസ്റ്റേറ്റ് അപ്പലേറ്റ് ട്രിബ്യൂണൽ, എറണാകുളം. (ആമുഖ കത്തു സഹിതം)
ചെയർമാൻ, കേരളാ റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി, തിരുവനന്തപുരം. (ആമുഖ കത്തു സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ജി.&എസ്.എസ്.എ./ഇ.&ആർ.എസ്.എ.), കേരള,

തിരുവനന്തപുരം.
പൊതുഭരണ (എസ്.സി.) വകുപ്പ് - പ്രകാരം
ധനകാര്യ വകുപ്പ് (01.12.2020, 30.12.2020 എന്നീ തീയതികളിലെ Dev-1/182/2020-Fin (Comp.No.1562231) പ്രകാരം)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,
Signature valid
Digitally signed by MANJULA G
Date: 2021.01.18 12:18 IST
Reason: Approved
സെക്ഷൻ ഓഫീസർ.